**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പ്രവൃത്തികൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കാട്ടാക്കട മണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ** കീഴിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>1) ആർ ഐ ഡി എഫ് പദ്ധതി</u>**<br><br>നബാർഡ് ധനസഹായത്തോടു കൂടിയുള്ള RIDF പദ്ധതിയിയുടെ 21 ഘട്ടത്തിൽ ഉൾപ്പെടുത്തി കാട്ടാക്കട പഞ്ചായത്തിൽ ഭാഗികമായി ഉൾപ്പെട്ട് വരുന്ന 150 ലക്ഷം അടങ്കൽ തുകയുള്ള മംഗലക്കൽ നീർത്തട പദ്ധതി ആകെ 134.95230 ലക്ഷം രൂപ ചെലവഴിച്ച് 30.09.2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. RIDF 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി വിളപ്പിൽ, അരുവിക്കര പഞ്ചായത്തുകളിലായി മീനംപള്ളിതോട് നീർത്തട പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 95 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയും 59.77 ലക്ഷം രൂപ ചെലവഴിച്ച് 2023-24 സാമ്പത്തിക വർഷം 239 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>2)സൂക്ഷ്മ നീർത്തട വികസന പദ്ധതി</u>**<br><br>ടി പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട ഗ്രാമ പഞ്ചായത്തിൽ കുളത്തുമ്മൽതോട് നീർത്തട പദ്ധതി ഒന്നാംഘട്ടം, കുളത്തുമ്മൽതോട് നീർത്തട പദ്ധതി രണ്ടാംഘട്ടം, മാറനല്ലൂർ ഗ്രാമ പഞ്ചായത്തിൽ |

| | | | |
|---|---|---|---|
| | | | കരിങ്ങൽ നീർത്തട പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2019-22 കാലയളവിൽ നടപ്പിലാക്കിയ 100 ലക്ഷം രൂപ അടങ്കൽ തുകയുള്ള കുളത്തുമ്മൽതോട് നീർത്തടം ഒന്നാംഘട്ടം പദ്ധതിയിൽ 71.899 ലക്ഷം രൂപയും 2021-23 കാലയളവിൽ നടപ്പിലാക്കിയ 52.56 ലക്ഷം രൂപ അടങ്കൽ തുകയുള്ള കുളത്തുമ്മൽതോട് നീർത്തടം രണ്ടാം ഘട്ടം പദ്ധതിയിൽ 39.49 ലക്ഷം രൂപയും ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മാറനല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2022-24 കാലയളവിൽ നടപ്പിലാക്കിയ 47.56 ലക്ഷം രൂപ അടങ്കൽ തുകയുള്ള കരിങ്ങൽ നീർത്തട പദ്ധതി 28.13 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു.<br><br>**3)ജലാശങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി**<br><br>കരമന നദിയുടെ കൈവഴികളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജക മണ്ഡലത്തിൽ 3 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**എ)** മാറനല്ലൂർ പഞ്ചായത്തിലെ കുഴിവിള വാർഡിൽ ഉൾപ്പെട്ട കിള്ളി – കുറുന്തോട്ടം തോടിൽ പാർശ്വഭിത്തി നിർമ്മാണ പ്രവർത്തി 2019-2020 സാമ്പത്തിക വർഷം 1.84 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>**ബി)**മാറനല്ലൂർ പഞ്ചായത്തിലെ പെരുമുള്ളൂർ വാർഡിൽ ഉൾപ്പെട്ട ആട്ടറത്തലയ്ക്കൽ - കോട്ടറയ്ക്കൽ തോടിൽ പാർശ്വഭിത്തി നിർമ്മാണ പ്രവർത്തി 2023-24 സാമ്പത്തിക വർഷം 16.98 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>**സി)** പള്ളിച്ചൽ പഞ്ചായത്തിലെ പള്ളിച്ചൽ വാർഡിൽ ഉൾപ്പെട്ട പള്ളിച്ചൽ തോടിലെ പാർശ്വഭിത്തി സംരക്ഷണ പ്രവർത്തിക്ക് 2024-25 സാമ്പത്തിക വർഷം അനുമതി ലഭിക്കുകയും നാളിതുവരെ 9.44 ലക്ഷം രൂപ ചെലവഴിച്ച് 117.5 മീറ്റർ നീളത്തിൽ തോട് സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതികൾ | ചിലവാക്കിയ തുക) (ലക്ഷത്തിൽ) |
|---|---|---|
| 1 | നെല്ല് വികസനം | 10.10594 |
| 2 | പച്ചക്കറി വികസനം | 149.00917 |
| 3 | നാളീകേര വികസനം | 82.18836 |
| 4 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 6.7473 |
| 5 | പഴങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം | 30.9421 |
| 7 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത മെച്ച പ്പെടുത്തലും | 7.67813 |
| 8 | വിള ആരോഗ്യപരിപാലനം | 15.94412 |
| 9 | ജൈവകൃഷിയും നല്ല കാർഷിക രീതികളും | 2.795 |
| 10 | ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | 7.52724 |
| 11 | ഓഫീസ് ഓട്ടോമേഷനും ഐടി ഇൻഫ്രാസ്ട്രക്ചറും | 3 |
| 12 | കാർഷിക വിജ്ഞാനവ്യാപനം ശക്തി പ്പെടുത്തൽ | 4.9 |
| 13 | കാർഷിക വിവരവും വിനിമയവും | 1.6 |
| 14 | കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തുണ | 8.3642 |
| 15 | സംസ്ഥാനവിള ഇൻഷുറൻസ് പദ്ധതി | 72.40989 |
| 16 | കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന ത്തിനുള്ള പിന്തുണ | 18.07187 |
| 17 | വിപണി വികസനം | 5.75 |
| 18 | ആത്മ | 86.11455 |
| 19 | പയർ /കിഴങ്ങ് വർഗങ്ങളുടെ വികസനം | 4.3952 |
| 20 | ബയോഗ്യാസ് പ്ലാന്റ് | 3.594 |
| 21 | കൃഷി പാഠശാല | 1.35898 |
| 22 | ആർ കെ വി വൈ | 21.0669 |
| 23 | സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ | 99.28409 |
| 24 | ഫാം പ്ലാൻ | 14.61247 |
| 25 | ബി പി കെ പി | 26.10643 |

| | | |
|---|---|---|
| 26 | ഡിജിറ്റൽ ക്രോപ് സർവ്വേ | 9.4336 |